2026
OCTOBER
20
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



# രാജ്യത്തെ സ്കൂട്ടർ വിൽപ്പനയിൽ റെക്കോർഡ്; സെപ്റ്റംബറിൽ വിറ്റത് 9.95 ലക്ഷം യൂണിറ്റുകൾ

**മുംബൈ:** റെക്കോർഡിട്ട് രാജ്യത്തെ സ്കൂട്ടർ വിപണി. ഇതുവരെ നടന്നൽ വെച്ച് ഏറ്റവും ഉയർന്ന പ്രതിമാസ വിൽപ്പന 2026 സെപ്റ്റംബറിൽ രേഖപ്പെടുത്തി. ആകെ 9,95,576 സ്കൂട്ടറുകളാണ് ഒറ്റ മാസത്തിൽ വിറ്റഴിക്കപ്പെട്ടത്. 2025 സെപ്റ്റംബറിൽ വിറ്റഴിച്ച 7,42,602 യൂണിറ്റുകളെ അപേക്ഷിച്ച് 34 ശതമാനത്തിന്റെ വലിയ വർധനയാണ് ഉണ്ടായത്.സാമ്പത്തികം പഠിക്കുക

2026 ഓഗസ്റ്റിൽ സ്ഥാപിച്ച 8,55,715 യൂണിറ്റുകൾ എന്ന മുൻ പ്രതിമാസ റെക്കോർഡും ഭേദിക്കപ്പെട്ടു. 10 ലക്ഷം എന്ന നാഴികക്കല്ല് വെറും 4,42,4 യൂണിറ്റുകൾ മാത്രം അകലെയാണ് എന്നതാണ് ശ്രദ്ധേയം. 3,83,035 യൂണിറ്റുകളുമായി ഹോണ്ടയാണ് ഒന്നാം സ്ഥാനത്തുള്ളത്. തൊട്ടുപിന്നിൽ 2,77,115 യൂണിറ്റുകളുമായി ടിവിഎസ് ആണ്.

സുസുക്കിയും ഹീറോ മോട്ടോകോർപ്പും ആദ്യ നാല് സ്ഥാനങ്ങളിൽ ഇടംനേടി, യഥാക്രമം 1,06,274 യൂണിറ്റുകളും 96,254 യൂണിറ്റുകളും വിറ്റഴിച്ചു.

ഇലക്ട്രിക് സെഗ്മെന്റും മികച്ച പ്രകടനമാണ് കാഴ്ചവച്ചത്. സെപ്റ്റംബറിൽ 1,86,692 സ്കൂട്ടറുകൾ വിറ്റഴിച്ചു. വാർഷികാടിസ്ഥാനത്തിൽ 68 ശതമാനം വർദ്ധനവ് ഈ രംഗത്തുണ്ടായി. ഇലക്ട്രിക് സ്കൂട്ടറുകളുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന രണ്ടാമത്തെ മാസമാണിത്. 2026 ആഗസ്റ്റിൽ 1,88,714 യൂണിറ്റുകൾ വിറ്റഴിച്ചിരുന്നു.

ഇവി വിൽപ്പനയിൽ ടിവിഎസ് മുന്നിലെത്തി. ഐക്യൂബ് , ഓർബിറ്റർ എന്നീ മോഡലുകൾ ചേർന്ന് 62,347 യൂണിറ്റുകൾ വിറ്റഴിച്ചു. മുൻവർഷത്തെ അപേക്ഷിച്ച് ഇത് ഇരട്ടിയാണ്. ഹീറോ മോട്ടോകോർപ്പിന്റെ വിഡ ശ്രേണി 28,962 യൂണിറ്റുകൾ വിറ്റഴിച്ചു (88 ശതമാനം വർധന). ബജാജിന്റെ ചേതക് 28,862 യൂണിറ്റുകളും വിറ്റഴിച്ചു. അവരും 88 ശതമാനം വളർച്ച രേഖപ്പെടുത്തി. ഏഥർ എനർജി 30,121 യൂണിറ്റുകൾ വിതരണം ചെയ്തു (20 ശതമാനം വർധന).



# കാൻസർ മരുന്നുകൾക്ക് വില കുറയും; 137 മരുന്നുകളുടെ ലാഭപരിധി 30% ആയി വെട്ടിച്ചുരുക്കി എൻപിപിഎ

**ന്യൂദൽഹി:** കാൻസർ രോഗികൾക്കും കുടുംബങ്ങൾക്കും വലിയ ആശ്വാസമേകുന്ന നിർണായക തീരുമാനവുമായി കേന്ദ്ര സർക്കാർ. പട്ടികയിൽ ഉൾപ്പെടാത്ത 137 കാൻസർ പ്രതിരോധ മരുന്നുകളുടെ വ്യാപാര ലാഭപരിധി 30 ശതമാനമായി എൻ.പി.പി.എ. (നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിങ് അതോരിറ്റി) പരിമിതപ്പെടുത്തി.

ഇതോടെ വരുന്ന നവംബർ ഒമ്പതു മുതൽ വിപണിയിലുള്ള പ്രധാന കാൻസർ മരുന്നുകളുടെ ചില്ലറ വിൽപ്പന വിലയിൽ 70 ശതമാനം വരെ വൻ കുറവുണ്ടാകുമെന്ന് കെമിക്കൽ ആന്റ് ഫെർട്ടിലൈസൈഴ്സ് മന്ത്രാലയം അറിയിച്ചു.

രാജ്യത്തെ പ്രമുഖ ഓങ്കോളജിസ്റ്റുകളും മെഡിക്കൽ വിദഗ്ധരും ഉൾപ്പെട്ട സമിതിയുടെ ശുപാർശ പ്രകാരമാണ് നടപടി. പരിഷ്കരിച്ച നിരക്കുകൾ നവംബർ ഒമ്പത് മുതൽ രാജ്യത്തുടനീളം പ്രാബല്യത്തിൽ വരും.

മരുന്ന് നിർമ്മാതാക്കൾ പുതിയ നിരക്കുകൾ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കണം. ആശുപത്രികളും ഫാർമസികളും കുറഞ്ഞ നിരക്കിൽ മരുന്നുകൾ നൽകുകയും പുതിയ വിലവിവരപ്പട്ടിക പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കുകയും വേണം.

ഉപഭോക്താക്കൾക്ക് പുതിയ മരുന്ന് നിരക്കുകൾ എൻ.പി.പി.എ. വെബ്സൈറ്റ് വഴി നേരിട്ട് പരിശോധിക്കാം.

# കൊശമറ്റം ഫിനാൻസ് ലിമിറ്റഡിന്റെ ക്രെഡിറ്റ് റേറ്റിംഗ് എ പ്ലസായി ഉയർത്തി

**കോട്ടയം:** പ്രമുഖ ഗോൾഡ് ലോൺ എൻബിഎഫ്സിയായ കൊശമറ്റം ഫിനാൻസ് ലിമിറ്റഡിന്റെ ക്രെഡിറ്റ് റേറ്റിംഗ് എ പ്ലസായി ഉയർത്തി പ്രമുഖ റേറ്റിംഗ് ഏജൻസിയായ ഇന്ത്യാ റേറ്റിംഗ്സ് ആൻഡ് റിസർച്ച്. കമ്പനിയുടെ വളർച്ചാമുന്നേറ്റത്തിനും സാമ്പത്തികശേഷിക്കും കൂടുതൽ അംഗീകാരം നൽകുന്നതാണ് ഈ റേറ്റിംഗ് വർധന.

ആയിരത്തിലധികം ശാഖകളിലൂടെ പ്രവർത്തിക്കുന്ന കൊശമറ്റം ഫിനാൻസ്, സ്വർണപ്പണയ വായ്പാരംഗത്തു ശക്തമായ സാന്നിധ്യമുള്ള സ്ഥാപനമാണ്. ക്രെഡിറ്റ് റേറ്റിംഗ് എന്നത് ഒരു സ്ഥാപനത്തിന്റെയോ അതിന്റെ വായ്പാബാധ്യതകളുടെയോ സാമ്പത്തിക ബാധ്യതകൾ കൃത്യസമയത്തു തിരിച്ചടയ്ക്കാനുള്ള ശേഷിയെ വിലയിരുത്തുന്ന ഏജൻസിയുടെ അഭിപ്രായമാണ്. എ പ്ലസ് എന്നതിലെ പ്ലസ് ചിഹ്നം ആ വിഭാഗത്തിനുള്ളിലെ താരതമ്യേന ഉയർന്ന സ്ഥാനത്തെയാണു സൂചിപ്പിക്കുന്നതെന്ന് കൊശമറ്റം ഫിനാൻസ് ലിമിറ്റഡ് മാനേജിഗ് ഡയറക്ടർ മാത്യു കെ. ചെറിയാൻ പറഞ്ഞു.




# റഷ്യൻ എണ്ണ വാങ്ങുന്നവർക്ക് തൽക്കാലം ഉപരോധമില്ലെന്ന് ട്രംപ്

**ന്യൂദൽഹി:** യുദ്ധവും കപ്പൽ ഉപരോധവും മൂലം ഒടുവിൽ അമേരിക്ക തന്നെ വെട്ടിലായപ്പോൾ 'സ്വന്തം താൽപ്പര്യ'ത്തിനായി ചട്ടത്തിൽ 'ഇളവ്' വരുത്തി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

റഷ്യ, ഇറാൻ എന്നിവിടങ്ങളിൽ നിന്ന് എണ്ണയുൾപ്പെടെ വലിയതോതിൽ വാങ്ങുന്ന രാജ്യങ്ങൾക്കുമേൽ 100% അധിക തീരുവ ചുമത്താൻ കഴിയുന്ന ലിൻഡ്സെ ഗ്രഹാം ബില്ലിൽ ട്രംപ് അടുത്തിടെ ഒപ്പിട്ടിരുന്നു.

യുഎസിൽ ഡീസൽ വില ചരിത്രത്തിലെ എക്കാലത്തെയും ഉയരത്തിലെത്തിയതോടെ, നിലപാടിൽ മലക്കംമറിഞ്ഞ ട്രംപ്, റഷ്യയിൽ നിന്ന് യുഎസ് ഡീസൽ വാങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ, പുതിയ ചട്ടം നിലവിൽ വന്നിരിക്കേ റഷ്യയിൽ നിന്ന് ഡീസൽ വാങ്ങിക്കൊണ്ട് ട്രംപ് അമേരിക്കയ്ക്കുതന്നെ തീരുവ ഏർപ്പെടുത്തുമോ എന്ന് സ്വന്തം പാർട്ടിയിൽ നിന്നുപോലും വിമർശനം ഉയർന്നിരുന്നു. ഇതിനിടെയാണ് ഇപ്പോൾ, ബില്ലിൽ ട്രംപ് ഇളവ് പ്രഖ്യാപിച്ചത്. ഇതോടെ യുഎസിനും ഇനി റഷ്യയിൽ നിന്ന് ഡീസലും എണ്ണയും വാങ്ങാം. ഇന്ത്യ, ചൈന തുടങ്ങി റഷ്യയിൽ നിന്ന് വലിയതോതിൽ എണ്ണ വാങ്ങുന്ന രാജ്യങ്ങൾക്കും ട്രംപിന്റെ ഈ നിലപാട് മാറ്റം ആശ്വാസമാകും.മാപ്പുകൾ കാണുക

യുഎസിന്റെ 'രാജ്യതാൽപര്യം' മുൻനിർത്തി പ്രസിഡന്റിന്റെ സവിശേഷ അധികാരം ഉപയോഗിച്ചാണ് ഇളവു നൽകുന്നതെന്ന് ട്രംപ് പറഞ്ഞു. മറ്റു രാജ്യങ്ങൾക്കു മേൽ ഉപരോധം ഏർപ്പെടുത്തിയ യുഎസ് റഷ്യയിൽ നിന്ന് ഡീസൽ വാങ്ങുന്നത് ഇരട്ടത്താപ്പാണെന്ന ആരോപണം ഉയർന്നതോടെയാണ് പുതിയ തീരുമാനമെന്നാണ് കരുതുന്നത്. ഗ്രഹാം ആക്ട് പ്രകാരമുള്ള ചില ഉപരോധങ്ങളും നിയന്ത്രണങ്ങളും തീരുവകളും ഒഴിവാക്കുകയാണെന്നു യുഎസ് സമയം വെള്ളിയാഴ്ച രാത്രി പുറത്തിറങ്ങിയ ഉത്തരവിലാണ് ട്രംപ് പറഞ്ഞത്. യുഎസിന്റെ ദേശീയ താൽപര്യം മുൻനിർത്തിയാണ് തീരുമാനം. ഇക്കാര്യം യുഎസ് കോൺഗ്രസിനെ അറിയിച്ചിട്ടുണ്ടെന്നും ട്രംപ് പറഞ്ഞു.തീരുമാനം താൽക്കാലികമാണെന്നും ആവശ്യമെങ്കിൽ ട്രംപിന് വ്യവസ്ഥകൾ പുനഃസ്ഥാപിക്കാമെന്നും റിപ്പോർട്ടുകൾ പറയുന്നു.

www.societytodaynews.com
**സൊസൈറ്റി ടുഡേ**
SOCIETY TODAY e-paper

മഹാനവമി പ്രമാണിച്ച് ഇന്ന് ഓഫീസ് അവധിയായതിനാൽ സൊസൈറ്റി ടുഡേ നാളെ(ബുധൻ) ഉണ്ടായിരിക്കുന്നതല്ല



# മൂവാറ്റുപുഴ നിർമ്മലാ കോളേജിൽ നിഹാർ വയോജന സംഗമം സംഘടിപ്പിച്ചു

**മൂവാറ്റുപുഴ:** നിർമ്മല കോളേജ് (ഓട്ടോണമസ്) സോഷ്യൽ വർക്ക് വിഭാഗത്തിന്റെയും 'നിസ്വാസ്' കൂട്ടായ്മയുടെയും ആഭിമുഖ്യത്തിൽ കുഴൽനാടൻസ് സ്പർശം ഫൗണ്ടേഷനുമായി സഹകരിച്ചുകൊണ്ട് 'നിഹാർ' വയോജന സംഗമം സംഘടിപ്പിച്ചു. സംഗമത്തിൽ വയോജനങ്ങൾക്കായി വിവിധ കലാപരിപാടികളും ആശയവിനിമയ സെഷനുകളും ബോധവൽക്കരണ പ്രോഗ്രാമുകളും അരങ്ങേറി.

വയോജനങ്ങളുടെ ശാരീരികവും മാനസികവും വൈകാരികവുമായ ആരോഗ്യം മെച്ചപ്പെടുത്തുക, ഒറ്റപ്പെടൽ ഒഴിവാക്കി സാമൂഹിക പങ്കാളിത്തവും തലമുറകൾ തമ്മിലുള്ള സൗഹൃദവും വളർത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് 'നിഹാർ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പരിപാടിയുടെ ഭാഗമായി വയോജനങ്ങളുടെ ക്ഷേമവും സജീവ വാർദ്ധക്യവും ലക്ഷ്യമിട്ടുള്ള വിവിധ സെഷനുകൾ സംഘടിപ്പിച്ചു. മുൻ കെ.പി.എസ്.സി. അംഗം പ്രൊഫ. ലോപ്പസ് മാത്യു വയോജന ക്ഷേമത്തെയും സജീവ വാർദ്ധക്യത്തെയും കുറിച്ച് പ്രത്യേക പ്രഭാഷണം നടത്തി. ഡബ്ല്യു.എച്ച്.ഒ. ഫോക്കൽ പോയിന്റ് (മാജിക്സ്) ഡോ. പ്രവീൺ ജി. പൈ മുഖ്യ വിഷയാവതരണം നടത്തി.

തുടർന്ന് നടന്ന സമാപന സമ്മേളനം മന്ത്രി അഡ്വ. വി.ഇ. അബ്ദുൾ ഗഫൂർ ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജർ റവ. മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഇടുക്കി എം.പി. അഡ്വ. ഡീൻ കുര്യാക്കോസ് മുഖ്യപ്രഭാഷണം നടത്തി.

കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ജസ്റ്റിൻ കെ. കുര്യാക്കോസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ, ഓട്ടോണമസ് ഡയറക്ടർ ഡോ. കെ.വി. തോമസ്, വൈസ് പ്രിൻസിപ്പൽ ഡോ. സോണി കുര്യാക്കോസ്, സെൽഫ് ഫിനാൻസിങ് ഡയറക്ടർ പ്രൊഫ. സജി ജോസഫ്, സെൽഫ് ഫിനാൻസിങ് അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ജസ്റ്റിൻ ചെറ്റൂർ എന്നിവർ പങ്കെടുത്തു. സോഷ്യൽ വർക്ക് വിഭാഗം മേധാവി അഡ്വ. സുജ തോമസ് പരിപാടികൾക്ക് നേതൃത്വം നൽകി. കോളേജ് ബർസാർ റവ. ഫാ. പോൾ കളത്തൂർ ചടങ്ങിന് നന്ദി രേഖപ്പെടുത്തി.



# വിദ്യാർത്ഥികൾക്കായി പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിച്ചു

**മൂവാറ്റുപുഴ:** റോട്ടറി ക്ലബ് ഓഫ് മൂവാറ്റുപുഴ ഹെറിറ്റേജ്, നിർമ്മല കോളേജ് ബോട്ടണി ഡിപ്പാർട്ട്മെന്റ്, റോട്രാക്റ്റ് ക്ലബ്, ഇട്ടുണ്ണാൻ പടവ് പാടശേഖര സമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നിർമ്മലാ കോളേജിലെ ബോട്ടണി വിഭാഗം വിദ്യാർത്ഥികൾക്കായി 'പാഠശാലയിൽ നിന്ന് പാടത്തേക്ക്' എന്ന പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിച്ചു.

പരിപാടിയുടെ ഭാഗമായി യന്ത്രവൽകൃത ഞാറുനടീലും പരമ്പരാഗത രീതിയിലുള്ള നടീലും വിദ്യാർത്ഥികൾക്ക് നേരിട്ട് മനസ്സിലാക്കുന്നതിനായി നടപ്പിലാക്കി. പരിചയസമ്പന്നരായ കർഷകർ, റോട്ടറി ക്ലബ് ഭാരവാഹികൾ, കോളേജ് അധ്യാപകർ എന്നിവരുടെ നേതൃത്വത്തിലാണ് വിദ്യാർത്ഥികൾ പാടത്തിറങ്ങി പരിശീലനം നേടിയത്.

കർഷകരായ ജോർജ്ജ് ഒരമഠം, സുരേഷ് നാരായണൻ, അധ്യാപകരായ ഡോ. ജീനാ ജോർജ്, ഡോ. ആമോസ് പി. തോമസ്, റോട്ടറി ക്ലബ് പ്രസിഡന്റ് അഡ്വ. രവി ഇ.കെ., സെക്രട്ടറി കിച്ചു കുരുവിള, മുൻ പ്രസിഡന്റ് ഡോ. ജോൺസി മണിത്തോട്ടം എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

# കുസാറ്റ് അധ്യാപകർക്ക് ഗ്രാഫീൻ അധിഷ്ഠിത ആന്റിന സാങ്കേതികവിദ്യാ ഗവേഷണത്തിന് ഗ്രാന്റ്

**കൊച്ചി:** ഇലക്ട്രോണിക്സ്, ആശയവിനിമയം, സെൻസർ സാങ്കേതികവിദ്യകൾ എന്നിവയിലെ ഗവേഷണത്തിനായി ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ ഗ്രാന്റ് ചലഞ്ചിലൂടെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അധ്യാപകർക്ക് ഗ്രാന്റ് ലഭിച്ചു. ഒരു വർഷം ദൈർഘ്യമുള്ള ഗവേഷണ പദ്ധതിക്ക് 19.2 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്.

കുസാറ്റിലെ ഇലക്ട്രോണിക്സ്, ഫിസിക്സ് വകുപ്പുകളിലെ അധ്യാപകർ സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. ഇലക്ട്രോണിക്സ് വകുപ്പിലെ ഡോ. ദീപ്തി ദാസ് കൃഷ്ണ, ഡോ. പൂർണിമ എസ്. എന്നിവർ ആന്റിനയുടെ രൂപകൽപ്പന, പ്രവർത്തനക്ഷമതാ വിശകലനം, ബെഞ്ച്മാർക്കിങ് എന്നിവയ്ക്ക് നേതൃത്വം നൽകും. ഫിസിക്സ് വകുപ്പിലെ ഡോ. ആൽഡ്രിൻ ആന്റണിയും ഗവേഷക സംഘവും വലിയ വിസ്തൃതിയിലുള്ള ഗ്രാഫീൻ അധിഷ്ഠിത ഓമ്നിഡയറക്ഷണൽ ആന്റിനകളുടെ നിർമ്മാണം നിർവഹിക്കും.

ആശയവിനിമയ ആവശ്യങ്ങൾക്കായി നൂതന ആന്റിന സംവിധാനങ്ങൾ വികസിപ്പിക്കുന്നതിൽ ഗ്രാഫീനിന്റെ സാധ്യതകൾ പര്യവേക്ഷണം ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആന്റിന എൻജിനീയറിങ്, മെറ്റീരിയൽസ് സയൻസ്, നാനോടെക്നോളജി എന്നീ മേഖലകളിലെ വൈദഗ്ധ്യം സംയോജിപ്പിച്ചുകൊണ്ട് അടുത്ത തലമുറ വയർലെസ് ആശയവിനിമയ സംവിധാനങ്ങൾക്കാവശ്യമായ ഗ്രാഫീൻ അധിഷ്ഠിത വസ്തുക്കളുടെയും ഉപകരണ സാങ്കേതിക വിദ്യകളുടെയും വികസനം ലക്ഷ്യമിടുന്നു.ഇലക്ട്രോണിക്സ്, ആശയവിനിമയ മേഖലകളിലെ പുതിയ സാങ്കേതിക വെല്ലുവിളികൾ നേരിടുന്നതിനായി വിവിധ മേഖലകളിലെ ഗവേഷണ വൈദഗ്ധ്യം ഏകോപിപ്പിക്കുന്ന കുസാറ്റിന്റെ ഗവേഷണനവീകരണ പ്രവർത്തനങ്ങളുടെ ഭാഗമാണ് ഈ പദ്ധതി.കേന്ദ്ര ഇലക്ട്രോണിക്സ്, വിവരസാങ്കേതിക മന്ത്രാലയം, കേരള സർക്കാർ, ടാറ്റ സ്റ്റീൽ ലിമിറ്റഡ് എന്നിവയുടെ പിന്തുണയോടെയും വിവിധ വ്യവസായ സ്ഥാപനങ്ങളുടെ സഹകരണത്തോടെയുമാണ് ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ പ്രവർത്തിക്കുന്നത്. ഗ്രാഫീൻ, മറ്റ് ദ്വിമാന വസ്തുക്കൾ എന്നിവയിലെ ഗവേഷണം, വികസനം, നവീകരണം എന്നിവ പ്രോത്സാഹിപ്പിക്കുകയും ശാസ്ത്രീയ മുന്നേറ്റങ്ങളെ സാങ്കേതിക പ്രയോഗങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുകയാണ് കേന്ദ്രത്തിന്റെ ലക്ഷ്യം.





# മനസികാരോഗ്യ രംഗത്ത് സമൂലമായ മാറ്റം അനിവാര്യം: മന്ത്രി കെ. മുരളീധരൻ

**തിരുവനന്തപുരം:** സമൂഹത്തിലെ മാറ്റങ്ങൾക്കനുസരിച്ച് മാനസികാരോഗ്യ രംഗത്തും പുരോഗതി അനിവാര്യമാണെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി കെ. മുരളീധരൻ. ലോക മാനസികാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി അമ്മയും കുഞ്ഞും ആശുപത്രികളിൽ ആരംഭിക്കുന്ന സൗജന്യ മാനസികാരോഗ്യക്ലിനിക്കുകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

കുട്ടികളുടെയും യുവാക്കളുടെയും മാനസിക പ്രശ്നങ്ങളെ ഗൗരവത്തോടെ കാണണം. ശാരീരിക ആരോഗ്യം പോലെ തന്നെ പ്രധാനമാണ് മാനസികാരോഗ്യവും. മാനസികാരോഗ്യ മേഖലയിലെ വെല്ലുവിളികളെ കുറിച്ച് സമൂഹത്തെ വേണ്ടവിധം ബോധവൽക്കരിക്കേണ്ടതുണ്ട്. മാനസികമായി ബുദ്ധിമുട്ടുകൾ നേരിടുന്നവരെ ശ്രദ്ധയോടെ കേൾക്കണം. സർക്കാരും ജനങ്ങളും ചേർന്ന കൂട്ടായ പ്രവർത്തനമാണ് ഈ മേഖലയിൽ വേണ്ടത്. മന്ത്രി പറഞ്ഞു.

ആരോഗ്യ കേരളം സംസ്ഥാന മിഷൻ ഡയറക്ടർ ഡോ. രേണു രാജ് അധ്യക്ഷയായി. 'ജീവിതാനുഭവങ്ങൾ കേൾക്കാം, യഥാർഥ ശബ്ദങ്ങൾ, യഥാർഥ മാറ്റം' എന്നതാണ് ഈ വർഷത്തെ പ്രമേയം. മാനസികാരോഗ്യ സേവനങ്ങൾ ജനങ്ങളിലെത്തിക്കുകയും മാനസികാരോഗ്യവുമായി ബന്ധപ്പെട്ട തെറ്റായ ധാരണകളും സാമൂഹികനിന്ദയും വിവേചനവും ഇല്ലാതാക്കുകയുമാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഒക്ടോബർ 12 മുതൽ 17 വരെ സംസ്ഥാനത്തെ സ്കൂൾ വിദ്യാർഥികൾക്കായി ബോധവത്കരണ പരിപാടികളും മത്സരങ്ങളും സെമിനാറുകളും സംഘടിപ്പിക്കും.

തിരുവനന്തപുരം സെൻട്രൽ ലൈബ്രറി ഹാളിൽ നടന്ന പരിപാടിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ആരോഗ്യ വകുപ്പ് അഡിഷണൽ ഡയറക്ടർമാരായ ഡോ. ഷിനു കെ എസ്, ഡോ. കെ സന്ദീപ്, സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി സി ഇ ഒ ഡോ. മിലി ബാബു, വാർഡ് കൗൺസലർ ഷേർലി എസ്, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അർണോൾഡ് ദീപക്, സ്റ്റേറ്റ് മാസ്സ് മീഡിയ ഓഫീസർ ഡോമി ജോൺ, മെന്റൽ ഹെൽത്ത് സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. കിരൺ പി എസ് തുടങ്ങിയവർ പങ്കെടുത്തു.

# ആരോഗ്യവകുപ്പിലെ താത്കാലിക ജീവനക്കാർക്ക് ഇ.എസ്.ഐ പരിരക്ഷ ഉറപ്പാക്കും: മന്ത്രി കെ. മുരളീധരൻ

**തിരുവനന്തപുരം:** ആരോഗ്യവകുപ്പിലെ താത്കാലിക ജീവനക്കാർക്ക് ഇ.എസ്.ഐ ആനുകൂല്യം ഉറപ്പാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ അറിയിച്ചു. സർക്കാർ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി എന്നിവ മുഖേന നിയമിച്ചിരിക്കുന്ന താത്കാലിക ജീവനക്കാർക്കാണ് ആനുകൂല്യം ലഭ്യമാകുക. ഇ.എസ്.ഐ ആനുകൂല്യം ഉറപ്പാക്കുന്നതിലൂടെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന താത്കാലിക ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും ചികിത്സാ സുരക്ഷയും സാമൂഹിക സുരക്ഷയും ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി കെ. മുരളീധരൻ വ്യക്തമാക്കി.

ഇ.എസ്.ഐ ആരോഗ്യവകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളിലും ഒരേ രീതിയിൽ നടപ്പാക്കപ്പെടുന്നില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ചില സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ എച്ച്.ഡി.എസ് മുഖേന നിയമിച്ച ജീവനക്കാരുടെ നിർബന്ധിത ഇ.എസ്.ഐ വിഹിതം കൃത്യമായി അടയ്ക്കുന്നില്ലെന്നും ഇത് നിയമപരവും സാമ്പത്തികവുമായ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നും കണ്ടെത്തിയിരുന്നു. ഇതേ തുടർന്നാണ് ജീവനക്കാർക്ക് ഗുണകരമായ ഇ.എസ്.ഐ പരിരക്ഷ ഉറപ്പാക്കാൻ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് മന്ത്രി കെ. മുരളീധരൻ നിർദേശം നൽകിയത്. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ എച്ച്.ഡി.എസ്, എച്ച്.എം.സി മുഖേന ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരിൽ ഇ.എസ്.ഐ നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാവരെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും, നിശ്ചിത വിഹിതം മുടക്കമില്ലാതെ അടയ്ക്കുന്നതിനും അടിയന്തര നടപടിയെടുക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.നിലവിലെ ഇ.എസ്.ഐ രജിസ്ട്രേഷന്റെ സ്ഥിതി, പദ്ധതിയുടെ പരിധിയിൽ വരുന്ന അർഹരായ ജീവനക്കാരുടെ എണ്ണം, നിലവിൽ പദ്ധതിയിൽ ഉൾപ്പെടാത്ത ജീവനക്കാരുടെ എണ്ണം, അർഹരായവർക്ക് ഇ.എസ്.ഐ ഉറപ്പാക്കാത്തതിന്റെ കാരണം, കുടിശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം എന്നിവ അടങ്ങുന്ന സമഗ്രമായ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കാനാണ് നിർദ്ദേശം.ഭാവിയിൽ വീഴ്ചകളില്ലാതെ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ ഓരോ സ്ഥാപനങ്ങളിലും ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്വം നിശ്ചയിച്ച് നൽകണമെന്നും മന്ത്രി നിർദേശിച്ചു.

## ഗവേഷണ ഫെലോഷിപ്പുകൾ

കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെ വിശ്വേശ്വരയ്യ പി.എച്ച്.ഡി. സ്കീം ഫോർ ഇലക്ട്രോണിക്സ് ആൻഡ് ഐ റ്റി ഫേസ്കക പദ്ധതിക്ക് കീഴിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഫെലോ, മുഴുവൻസമയ പി.എച്ച്.ഡി. ഗവേഷകൻ എന്നീ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

വിശദവിവരങ്ങൾ ഉൾകൊള്ളുന്ന നോട്ടിഫിക്കേഷൻ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9446866088.

## സ്പോർട്സ് സ്കോളർഷിപ്പ്

മഹാത്മാഗാന്ധി സർവകലാശാലക്ക് കീഴിലെ വിവിധ കോളേജുകളിലെയും പഠനവകുപ്പുകളിലെയും കായിക പ്രതിഭകൾക്ക് സ്പോർട്സ് സ്കോളർഷിപ്പിന് അപേക്ഷിക്കാം. 2024-2025, 2025-2026 അധ്യയന വർഷങ്ങളിൽ കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികൾക്കാണ് അവസരം. താല്പര്യമുള്ളവർ കോളേജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ അപേക്ഷയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നവംബർ 15ന് മുൻപായി സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ : 0481 2733377

## പ്രാക്ടിക്കൽ/വൈവവോസി

ഒന്നാം വർഷ എം.എസ്.സി. മെഡിക്കൽ അനാട്ടമി (2025 അഡ്മിഷൻ റെഗുലർ, 2020-2024 അഡ്മിഷൻ സപ്ലിമെന്ററി, 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്, 2018 അഡ്മിഷൻ സെക്കൻഡ് മേഴ്സി ചാൻസ്, 2017 അഡ്മിഷൻ ഫൈനൽ മേഴ്സി ചാൻസ്) സെപ്റ്റംബർ 2026 പ്രാക്ടിക്കൽ/വൈവവോസി പരീക്ഷകൾ നവംബർ 10ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എം.എസ്.സി. സ്പേസ് സയൻസ് പി.ജി.സി.എസ്.എസ്. (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ് / 2020-2024 അഡ്മിഷൻസ് റീഅപ്പീയറൻസ്, 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരകടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും ഒക്ടോബർ 27 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

നാലാം വർഷ ബി.എസ്.സി. നഴ്സിംങ് ലാസ്റ്റ് ആന്റ് ഫൈനൽ സ്പെഷ്യൽ മേഴ്സി ചാൻസ് (2012ന് മുൻപുള്ള അഡ്മിഷനുകൾ) ഏപ്രിൽ 2025 പരീക്ഷാഫലവും, ഓൾഡ് സ്കീം സ്പെഷ്യൽ സപ്ലിമെന്ററി (2012–2015 അഡ്മിഷൻസ്) മെയ് 2025 പരീക്ഷാഫലവും പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 31 വരെ പരീക്ഷാകൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാതീയതി

മൂന്നാം സെമസ്റ്റർ ഐ.എം.സി.എ. (2025 അഡ്മിഷൻ റഗുലർ/2020–24 അഡ്മിഷൻസ് സപ്ലിമെന്ററി) ഒക്ടോബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ 2026 നവംബർ 16 മുതൽ 19 വരെ തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## കുടുംബശ്രീയിൽ ഒഴിവ്

**തിരുവനന്തപുരം:** കുടുംബശ്രീ മിഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജില്ലാമിഷൻ കോഓർഡിനേറ്റർ, അസി. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ തസ്തികകളിലെ നിയമനത്തിന് അപേക്ഷകൾ ക്ഷണിച്ചു. ഓരോ തസ്തികയ്ക്കും അനുയോജ്യമായ ശമ്പളസ്കെയിൽ ഉള്ള സർക്കാർ ജീവനക്കാർക്ക് അപേക്ഷ ഒക്ടോബർ 31 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് വിജ്ഞാപനം www.kudumbashree.org യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# പോലീസ് വേഷത്തിൽ ജയസൂര്യ വരുന്നു
# മായൻ–ചാപ്റ്റർ 1

നിഴലുകൾക്കപ്പുറം എന്താണ്? ലോകത്തെ പിടിച്ചുലയ്ക്കുന്ന ഇരുണ്ട ശക്തികൾക്കെതിരെ പോരാടാനിറങ്ങുന്ന രക്ഷകന്റെ കഥയാണോ മായൻ– ചാപ്റ്റർ 1? ജയസൂര്യയുടെ പുതിയ പോസ്റ്റർ ഉയർത്തുന്നത് സാധാരണ മിസ്റ്ററി ത്രില്ലറിനപ്പുറമുള്ള ചോദ്യങ്ങൾ. ഒരു പോലീസ് ഉദ്യോഗസ്ഥൻ. കൈയിൽ മുറിഞ്ഞുപോയ ഒരു കുരിശ്. പിന്നിൽ ഇരുട്ടും ദുരൂഹതയും നിറഞ്ഞ അന്തരീക്ഷം. ഒപ്പം, 'Beyond the Shadows' നിഴലുകൾക്കപ്പുറം എന്ന ടാഗ്‌ലൈനും. ജയസൂര്യയെ നായകനാക്കി ജിതിൻ കെ. ജോസ് സംവിധാനം ചെയ്യുന്ന മായൻ - ചാപ്റ്റർ 1ന്റെ പുതിയ പോസ്റ്റർ മുന്നോട്ടുവയ്ക്കുന്നത് വെറുമൊരു മാസ് പോലീസ് കഥാപാത്രത്തെയാണോ? അതോ ലോകത്തിന്റെ പല ഭാഗങ്ങളിലും വേരുകളുള്ള ഒരു ഇരുണ്ട ശക്തിയെ നേരിടേണ്ടിവരുന്ന രക്ഷകന്റെ വരവിനെയാണോ? പോസ്റ്ററിലെ ഓരോ സൂചനയും സിനിമാപ്രേമികളുടെ ഭാവനയ്ക്ക് തീകൊളുത്തുകയാണ്.




ഡിസംബർ 3ന് ലോകമെമ്പാടുമുള്ള തിയറ്ററുകളിലെത്തുന്ന ചിത്രത്തിന്റെ പ്രമേയത്തെക്കുറിച്ച് വെളിപ്പെടുത്തലുകൾ പരിമിതമാണെങ്കിലും, പുറത്തുവന്ന പോസ്റ്റർ ചില അസാധാരണ സാധ്യതകളിലേക്കാണ് വിരൽചൂണ്ടുന്നത്. സിനിമയുടെ കഥ എന്താണെന്ന് അത് പറയുന്നില്ല. പകരം, ഉത്തരങ്ങളേക്കാൾ കൂടുതൽ ചോദ്യങ്ങളാണ് പ്രേക്ഷകരുടെ മുന്നിൽ ഉയർത്തുന്നത്. പോസ്റ്ററിലെ ഏറ്റവും ശ്രദ്ധേയമായ ഘടകം ജയസൂര്യയുടെ കൈയിലുള്ള മുറിഞ്ഞ കുരിശാണ്. ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കൈയിൽ ഇത്തരമൊരു വസ്തു എത്തുന്നത് എന്തുകൊണ്ടായിരിക്കും? അത് ഒരു കുറ്റകൃത്യവുമായി ബന്ധപ്പെട്ട തെളിവാണോ? നൂറ്റാണ്ടുകൾ പഴക്കമുള്ള ഏതെങ്കിലും രഹസ്യത്തിന്റെ അവശേഷിപ്പാണോ? അതോ വിശ്വാസത്തെയും തിന്മയെയും തമ്മിൽ ബന്ധിപ്പിക്കുന്ന വലിയൊരു സംഘർഷത്തിന്റെ പ്രതീകമാണോ?

കുരിശ് തകർന്ന നിലയിൽ അവതരിപ്പിച്ചതിന് പിന്നിൽ എന്തെങ്കിലും പ്രത്യേക അർഥമുണ്ടോ എന്നതാണ് പ്രധാന ചോദ്യം. സാധാരണ ക്രൈം ത്രില്ലറുകളിൽ കാണുന്ന തോക്കിനോ വാളിനോ പകരം, ഇത്രയും പ്രതീകാത്മകമായൊരു വസ്തുവിനെ പോസ്റ്ററിന്റെ കേന്ദ്രത്തിലേക്ക് കൊണ്ടുവരുന്നത് പ്രേക്ഷകരുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. എന്നാൽ ഈ കുരിശ് സിനിമയിൽ എന്തിനെ പ്രതിനിധീകരിക്കുന്നു എന്നത് അണിയറ പ്രവർത്തകർ വ്യക്തമാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ അതിന്റെ അർഥം ഇപ്പോൾ ഒരു കൗതുകകരമായ ചോദ്യമായി തുടരുകയാണ്.

ക്രൈസ്തവ വിശ്വാസപാരമ്പര്യത്തിൽ ക്രിസ്തുവിനെ എതിർക്കുന്ന ശക്തിയുമായി ബന്ധപ്പെട്ടതാണ് ആന്റിക്രൈസ്റ്റ് എന്ന ആശയം. തിന്മയുടെ വ്യാപനം, വിശ്വാസത്തെ വെല്ലുവിളിക്കുന്ന ശക്തികൾ, മനുഷ്യരെ സ്വാധീനിക്കുന്ന രഹസ്യപ്രസ്ഥാനങ്ങൾ തുടങ്ങിയ ആശയങ്ങളുമായി ബന്ധപ്പെട്ട് ആന്റിക്രൈസ്റ്റിനെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ ലോകമെമ്പാടും വിവിധ രൂപങ്ങളിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ഒരു രഹസ്യസംഘം, പുറംലോകമറിയാത്ത ആചാരങ്ങൾ, മനുഷ്യരുടെ വിശ്വാസത്തെയും ഭയത്തെയും ചൂഷണം ചെയ്യുന്ന ശക്തികൾ ഇങ്ങനെയൊരു ലോകമാണ് ചിത്രത്തിന്റെ പശ്ചാത്തലമെങ്കിൽ, അത് മലയാള സിനിമയിൽ കൗതുകകരമായൊരു അനുഭവത്തിന് വഴിയൊരുക്കും. എന്നാൽ ഇതെല്ലാം പോസ്റ്ററിൽനിന്ന് ഉയരുന്ന സാധ്യതകൾ മാത്രമാണ്; ചിത്രത്തിന്റെ സ്ഥിരീകരിച്ച പ്രമേയമല്ല.

ഈ പോസ്റ്ററിലെ മറ്റൊരു കൗതുകം ജയസൂര്യയുടെ കഥാപാത്രമാണ്. പോലീസ് യൂണിഫോമിലുള്ള അയാൾ ഒരു സാധാരണ അന്വേഷണ ഉദ്യോഗസ്ഥൻ മാത്രമാണോ? അതോ അയാൾ അന്വേഷിച്ചുതുടങ്ങുന്ന സംഭവങ്ങൾ അയാളെ സങ്കൽപ്പിക്കാനാകാത്തത്ര വലിയൊരു പോരാട്ടത്തിലേക്ക് നയിക്കുന്നുണ്ടോ? ഒരു കൊലപാതകമോ ദുരൂഹമായ സംഭവമോ അന്വേഷിച്ചുതുടങ്ങുന്ന പോലീസ് ഉദ്യോഗസ്ഥൻ, ക്രമേണ സമൂഹത്തിന്റെ മറവിൽ പ്രവർത്തിക്കുന്ന ഒരു രഹസ്യശൃംഖലയുടെ സാന്നിധ്യം തിരിച്ചറിയുന്നു എന്നത് ത്രില്ലറിന് ശക്തമായൊരു അടിത്തറയാണ്. നിയമത്തിന്റെ വഴികളിലൂടെ തെളിവുകൾ തേടുന്ന അയാൾക്ക് മുന്നിൽ, യുക്തികൊണ്ട് വിശദീകരിക്കാൻ പ്രയാസമുള്ള സംഭവങ്ങൾ വന്നുചേർന്നാൽ എന്തായിരിക്കും സംഭവിക്കുക?

അയാൾ നേരിടുന്നത് കുറ്റവാളികളുടെ ഒരു സംഘത്തെ മാത്രമാണോ? അതോ ഭയവും അന്ധവിശ്വാസവും വിശ്വാസത്തിന്റെ ദുരുപയോഗവും ആയുധമാക്കുന്ന കൂടുതൽ വലിയൊരു ശക്തിയെയാണോ? അങ്ങനെയെങ്കിൽ, ആ ശക്തിയെ തകർക്കാൻ അയാൾക്ക് കഴിയുമോ? അയാൾ തന്നെയാണോ ആ ഇരുണ്ട ലോകത്തിനെതിരെ ഉയർന്നുവരുന്ന രക്ഷകൻ? പോസ്റ്റർ ഈ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകുന്നില്ല. പക്ഷേ, അവ ചോദിക്കാൻ പ്രേക്ഷകരെ പ്രേരിപ്പിക്കുന്നു. നിഴലുകൾക്കപ്പുറം എന്നത് അക്ഷരാർഥത്തിൽ ഇരുട്ടിനപ്പുറമുള്ള ലോകത്തെ മാത്രമല്ല, പൊതുസമൂഹത്തിന് അജ്ഞാതമായ രഹസ്യങ്ങളെയും സൂചിപ്പിക്കുന്നതായി വായിക്കാം.

മനുഷ്യർ കാണുന്നതും വിശ്വസിക്കുന്നതും യഥാർഥത്തിൽ സംഭവിക്കുന്നതും തമ്മിൽ വലിയൊരു വ്യത്യാസമുണ്ടോ? നമുക്കു ചുറ്റുമുള്ള ലോകത്തിൽ ആരും അറിയാതെ പ്രവർത്തിക്കുന്ന ഒരു ശക്തിയുണ്ടോ? അതിനെ തിരിച്ചറിയുന്ന ഒരാൾക്ക് അതിനെതിരെ പോരാടാൻ കഴിയുമോ? ഒരു നല്ല മിസ്റ്ററി ത്രില്ലർ പ്രേക്ഷകരെ ആകർഷിക്കുന്നത് അതിന്റെ കഥ മുഴുവൻ നേരത്തേ പറഞ്ഞുകൊണ്ടല്ല; മറിച്ച്, ഓരോ സൂചനയും അടുത്ത ചോദ്യത്തിലേക്ക് നയിക്കുമ്പോഴാണ്. 'മായൻ' പോസ്റ്റർ മുന്നോട്ടുവയ്ക്കുന്ന ദുരൂഹതയും അത്തരത്തിലുള്ള ആകാംക്ഷ സൃഷ്ടിക്കുന്നുണ്ട്.

മമ്മൂട്ടി നായകനായ 'കളങ്കാവൽ' എന്ന സൂപ്പർ ഹിറ്റ് ചിത്രത്തിനു ശേഷം ജിതിൻ കെ. ജോസ് സംവിധാനം ചെയ്യുന്ന ചിത്രമാണ് മായൻ - ചാപ്റ്റർ 1. മാജിക് മൂൺ പ്രൊഡക്ഷൻസിന്റെ ബാനറിൽ രാജീവ് ഗോവിന്ദനാണ് നിർമാണം. റാഫിയും ജിതിൻ കെ. ജോസും ചേർന്നാണ് തിരക്കഥ ഒരുക്കിയിരിക്കുന്നത്. ജയസൂര്യയ്ക്കൊപ്പം നൈല ഉഷ, വിജയ് ബാബു, നിരഞ്ജന അനൂപ്, ജിബിൻ ഗോപിനാഥ്, ഐശ്വര്യ രാജ് തുടങ്ങിയവരും പ്രധാന വേഷങ്ങളിലെത്തുന്നു. കളങ്കാവലിന്റെ സാങ്കേതിക സംഘത്തിലെ പ്രധാന അംഗങ്ങളിൽ പലരും മായനിലും ജിതിൻ കെ. ജോസിനൊപ്പം വീണ്ടും ഒന്നിക്കുന്നു. ഫൈസൽ അലി ഛായാഗ്രഹണം നിർവഹിക്കുമ്പോൾ മുജീബ് മജീദ് സംഗീതവും പ്രവീൺ പ്രഭാകർ എഡിറ്റിങ്ങും കൈകാര്യം ചെയ്യുന്നു. സുനിൽ ദാസ് കലാസംവിധാനവും സമീറ സനീഷ് വസ്ത്രാലങ്കാരവും നിർവഹിക്കുന്നു. ലൈൻ പ്രൊഡ്യൂസർ രോഹിത്ത് ആർ നായർ, പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ, പിആർഒ & ഡിജിറ്റൽ മാർക്കറ്റിംഗ് വിപിൻ കുമാർ വി, വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ, സ്റ്റിൽസ് സിനത് സേവ്യർ, ഡിസൈൻസ് ആന്റണി സ്റ്റീഫൻ.

## ദീപാവലിക്ക് തിയറ്ററുകൾ ഇളക്കിമറിക്കാൻ സൂര്യയും ജിത്തു മാധവനും

സൂര്യയും സംവിധായകൻ ജിത്തു മാധവനും ആദ്യമായി ഒന്നിക്കുന്ന സീൻ എന്ന ആക്ഷൻ കോമഡി എൻറർടൈനർ നവംബർ ആറിന് തിയറ്ററുകളിൽ എത്തും. ചിത്രത്തിൽ നസ്രിയയാണ് നായികയായി വേഷമിടുന്നത്. നസ്ലെനും സിനിമയിൽ ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ട്.

ജ്യോതികയും സൂര്യയും ചേർന്ന് ഗരം സ്റ്റുഡിയോസ്, 2ഡി എൻറർടൈൻമെൻറ് എന്നീ ബാനറുകളിലാണ് ബിഗ് ബജറ്റ് ചിത്രം നിർമ്മിക്കുന്നത്. കറുപ്പ്, വിശ്വനാഥ് ആൻഡ് സൺസ് എന്നീ ചിത്രങ്ങളുടെ വിജയത്തിന് ശേഷം സൂര്യ ഹാട്രിക് ഹിറ്റ് ലക്ഷ്യമിട്ടാണ് ഈ സിനിമയുമായി എത്തുന്നത്.

രോമാഞ്ചം, ആവേശം എന്നീ ബ്ലോക്ക്ബസ്റ്റർ മലയാള ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ ജിത്തു മാധവൻ ആദ്യമായി ഒരുക്കുന്ന തമിഴ് ചിത്രം കൂടിയാണിത്. മലയാളികളുടെ പ്രിയപ്പെട്ട സംഗീത സംവിധായകൻ സുഷിൻ ശ്യാം ആദ്യമായി തമിഴിൽ സംഗീതം ഒരുക്കുന്നു എന്ന പ്രത്യേകതയും ചിത്രത്തിനുണ്ട്.

സോണി മ്യൂസിക് സൗത്താണ് പാട്ടുകളുടെ അവകാശം സ്വന്തമാക്കിയിരിക്കുന്നത്. വിനീത് അഗസ്റ്റ്യൻ ഛായാഗ്രഹണവും അജ്മൽ സാബു എഡിറ്റിംഗും നിർവഹിക്കുന്നു. ഗോകുലം മൂവീസും ഡ്രീം ബിഗ് ഫിലിംസും ചേർന്ന് കേരളത്തിലും ഫാർസ് ഫിലിംസ് ഗൾഫ് രാജ്യങ്ങളിലും ചിത്രം പ്രദർശനത്തിനെത്തിക്കും.








# സ്ത്രീകളുടെ സുരക്ഷയും മാനസിക ആരോഗ്യവും ഉറപ്പാക്കും: ബിന്ദു കൃഷ്ണ

**തിരുവനന്തപുരം:** സ്ത്രീകളുടെ സാമൂഹികവും തൊഴിൽപരവുമായ സുരക്ഷ ഉറപ്പാക്കുന്നതിനൊപ്പം അവരുടെ മാനസികാരോഗ്യത്തിനും ക്ഷേമത്തിനും പ്രാധാന്യം നൽകി സംസ്ഥാന സർക്കാർ പുതുയുഗ വനിതാ നയം രൂപീകരിക്കുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ പ്രസ്താവിച്ചു.

കേരള വനിതാ കമ്മീഷൻറെ നേതൃത്വത്തിൽ തൈക്കാട് റസ്റ്റ് ഹൗസിൽ സംഘടിപ്പിച്ച 'പോഷ് ആക്ട് 2013 ആൻഡ് സ്ത്രീകളുടെ മാനസികാരോഗ്യം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സംസ്ഥാനതല സെമിനാർ ചെയ്യുക യായിരുന്നു മന്ത്രി. സമൂഹത്തിലെ വിവിധ മേഖലകളിലുള്ളവരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് സ്ത്രീകളുടെ ആത്മാഭിമാനവും സുരക്ഷിതത്വവും ഉയർത്തിപ്പിടിക്കുന്ന സമഗ്രമായ വനിതാ നയം അടുത്ത അന്താരാഷ്ട്ര വനിതാ ദിനത്തിൽ പ്രഖ്യാപിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാർ വനിതകളെ ചേർത്തുപിടിക്കുന്ന നയമാണ് സ്വീകരിച്ചിരിക്കുന്നതെന്നും തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിതവും അന്തസുള്ളതുമായ അന്തരീക്ഷം ഒരുക്കേണ്ടത് സർക്കാരിൻറെയും സമൂഹത്തിൻറെയും കൂട്ടായ ഉത്തരവാദിത്തമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

കേരള വനിതാ കമ്മീഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി അധ്യക്ഷത വഹിച്ചു. തൈക്കാട് വാർഡ് കൗൺസിലർ ജി.വേണുഗോപാൽ, കുന്നുകുഴി വാർഡ് കൗൺസിലർ മേരി പുഷ്പം, വനിതാ കമ്മീഷൻ അംഗങ്ങളായ അഡ്വ. ഇന്ദിര രവീന്ദ്രൻ, അഡ്വ. എലിസബത്ത് മാമൻ മത്തായി, വി.ആർ. മഹിളാമണി, അഡ്വ.പി. കുഞ്ഞായിഷ, മെമ്പർ സെക്രട്ടറി ബീന, വനിതാ കമ്മീഷൻ പിആർഒ ടി.എസ്. ദിവ്യ തുടങ്ങിയവർ പങ്കെടുത്തു.

# അരൂരിനെ ബ്ലു ഇക്കോണമിയുടെ ആസ്ഥാനമാക്കുമെന്ന് മുഖ്യമന്ത്രി

**അരൂർ:** സംസ്ഥാന സർക്കാർ നടപ്പാക്കുന്ന മിഷൻ സമുദ്രയുടെ ഭാഗമായ ബ്ലൂ ഇക്കോണമി പദ്ധതിയുടെ ആസ്ഥാനമാക്കി അരൂരിനെ മാറ്റുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. മാക്കേകടവിൽ മാക്കേകടവ്നേരേകടവ് പാലത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. അരൂരിനെ സീഫുഡിന്റെ ഹബ്ബാക്കും. ബ്ലൂ എക്കണോമിയുടെ ഭാഗമായുള്ള എല്ലാ കണക്ടിവിറ്റിയും ആലപ്പുഴയിൽ സജ്ജമാക്കും. നാട്ടിലെ സാധാരണക്കാരെ പെരുവഴിയിൽ ഇറക്കുന്നതല്ല സർക്കാരിന്റെ വികസന നയമെന്നും നേരേകടവ്വൈക്കം ഭാഗത്ത് റോഡ് നിർമ്മാണത്തിനും അനുബന്ധ പ്രവർത്തികൾക്കും മുന്നോടിയായി സ്ഥലം ഏറ്റെടുപ്പിന് പ്രദേശവാസികൾക്കായി പ്രത്യേക നഷ്ട പരിഹാര പാക്കേജ് പ്രഖ്യാപിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് ഉത്തരവാദിത്തം ഉറപ്പാക്കും. കാലതാമസം മൂലം പൊതുഘജനാവിൽ നിന്നുള്ള ധനനഷ്ടം ഒഴിവാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

പൊതുമരാമത്ത് വകുപ്പ് മന്ത്രി പി. കെ.ബഷീർ അധ്യക്ഷത വഹിച്ചു. പൊതുമരാമത്ത് വകുപ്പിനെ ശക്തിപ്പെടുത്തുമെന്നും നേരേ കടവ് വൈക്കം ഭാഗത്തെ റോഡ് നിർമ്മാണത്തിന് 10 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ചടങ്ങിൽ മന്ത്രി പി കെ ബഷീർ പറഞ്ഞു. ശബരിമല റോഡുകളുടെ വികസനത്തിന് 553.85 കോടി രൂപ അനുവദിച്ചു. ആലപ്പുഴചങ്ങനാശ്ശേരി എസി റോഡ് നിർമ്മാണത്തിലെ അപാകം അന്വേഷിക്കാൻ വിജിലൻസ് അന്വേഷണം നടത്തുമെന്നും പൊതുമരാമത്ത് മന്ത്രി കൂട്ടിച്ചേർത്തു.

ആലപ്പുഴ കോട്ടയം ജില്ലയിലെ ജനങ്ങളുടെ സ്വപ്ന പദ്ധതിയായ പാലത്തിന്റെ നിർമ്മാണത്തിനായി പ്രവർത്തിച്ച ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ അഭിനന്ദനം അറിയിച്ചു. പാലം പള്ളിത്തോട് പമ്പ എന്ന പേരിൽ അറിയപ്പെടണമെന്നും ഷാനിമോൾ ഉസ്മാൻ പറഞ്ഞു. ജനങ്ങളുടെ സ്വപ്നസാക്ഷാത്കാരമായ പാലം തുറവൂർ പമ്പ പാതയുടെ ഭാഗമായി നിർമ്മിച്ചതാണെന്നും തുടർ നിർമ്മാണ പ്രവർത്തികൾ ഉടൻ ആരംഭിക്കുമെന്നും ചടങ്ങിൽ എക്സൈസ് സഹകരണ വകുപ്പ് മന്ത്രി എം ലിജു പറഞ്ഞു.

അഭിമാന പദ്ധതിക്ക് തുടർച്ച നൽകാൻ വൈക്കം ഭാഗത്തെ റോഡ് നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ചടങ്ങിൽ മന്ത്രി മോൻസ് ജോസഫ് അറിയിച്ചു. കോട്ടയം എംപി ഫ്രാൻസിസ് ജോർജ്, വൈക്കം എംഎൽഎ കെ ബിനിമോൻ, ഏറ്റുമാനൂർ എംഎൽഎ നാട്ടകം സുരേഷ്, ആലപ്പുഴ എംഎൽഎ എ ഡി തോമസ്, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോഷി ഫിലിപ്പ്, ആലപ്പുഴ ജില്ലാ കളക്ടർ ഷാജി വി നായർ, കോട്ടയം ജില്ലാ കലക്ടർ ചേതൻ കുമാർ മീണ, ആലപ്പുഴ മുൻ എംപി എ എം ആരിഫ്, വൈക്കം മുൻ എംഎൽഎ സി കെ ആശ തുടങ്ങിയവർ പങ്കെടുത്തു.

ആലപ്പുഴ ജില്ലയിലെ അരൂർ നിയോജക മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലയിലെ വൈക്കം നിയോജകമണ്ഡലത്തിലെ ഉദയനാപുരം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങൾ ബന്ധിപ്പിച്ചാണ് മാക്കേകടവ് നേരെകടവ് പാലം നിർമ്മിച്ചത്. വേമ്പനാട്ടുകായലിൽ ദേശീയ ജലപാതയ്ക്ക് കുറുകെ സ്ഥിതി ചെയ്യുന്ന പാലത്തിന് 800 മീറ്റർ നീളവും, ഏഴര മീറ്റർ വീതിയുള്ള വാഹനങ്ങൾക്ക് സഞ്ചരിക്കാവുന്ന ക്യാരേജ് വെയും ഇരുവശങ്ങളിലുമായി ഒന്നര മീറ്റർ വീതിയുള്ള നടപ്പാതകളുമുണ്ട്. ആകെ 22 സ്പാനുകൾ ഉള്ള പാലത്തിൽ മാക്കേകടവ് ഭാഗത്ത് 40. 20 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡും 48.40 മീറ്ററിൽ കണക്ടിംഗ് റോഡും സജ്ജമാക്കിയിട്ടുണ്ട്. നേരേകടവ് ഭാഗത്ത് 52.22 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡും 73.26 മീറ്ററിൽ നീളത്തിൽ കണക്റ്റിങ് റോഡും നിർമ്മിച്ചിട്ടുണ്ട്.

പൊതുമരാമത്ത് പാലം വിഭാഗം ചീഫ് എൻജിനിയർ എം.അശോക് കുമാർ, പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിങ് എൻജിനിയർ ഐ.റംലാബീവി, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി ആർ രജിത, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി കെ രാജേന്ദ്രൻ, വൈക്കം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ ശശികുമാർ, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കവിത സജീവൻ, ഉദയനാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജു, കോട്ടയം ജില്ലാ പഞ്ചായത്ത് അംഗം എം കെ രാജേഷ്, ആലപ്പുഴ ജില്ലാ പഞ്ചായത്തംഗങ്ങളായ പി ആർജ്യോതിലക്ഷ്മി, ജെയിംസ് ചിങ്കുത്തറ, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് അംഗം ശ്രീദേവി സുരേഷ്, രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തും: മന്ത്രി പി.സി. വിഷ്ണുനാഥ്

**കൊല്ലം:** സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം സർക്കാർ ഉറപ്പുവരുത്തുമെന്ന് മന്ത്രി പി.സി. വിഷ്ണുനാഥ്. മുഖത്തല ഗവ. എൽപി ആൻഡ് തളിര് പ്രീ പ്രൈമറി സ്കൂൾ പുതിയ കെട്ടിടത്തിന്റെ നിർമാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ബജറ്റിൽ അനുവദിച്ച ഒരു കോടി രൂപ വിനിയോഗിച്ചാണ് നാല് ക്ലാസ് മുറികൾ അടങ്ങുന്ന 569 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള പുതിയ കെട്ടിടം നിർമിക്കുന്നത്.

കെട്ടിടം പൂർത്തിയാകുന്നമുറക്ക് സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനം രണ്ടാംഘട്ടത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. 18 മാസമാണ് നിർമാണ കാലാവധിയെങ്കിലും കഴിയുന്നത്ര വേഗത്തിൽ കെട്ടിട നിർമാണം പൂർത്തീകരിക്കണമെന്ന് കരാറുകാരനോട് മന്ത്രി നിർദേശിച്ചു.

തൃക്കോവിൽവട്ടം പഞ്ചായത്ത് പ്രസിഡൻറ് കെ.പി. അജിത് കുമാർ അധ്യക്ഷനായി. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സാം വർഗീസ് മുഖ്യപ്രഭാഷണം നടത്തി.

മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഗായത്രി ദേവി, ജില്ലാ പഞ്ചായത്തംഗം ഫൈസൽ കുളപ്പാടം, തൃക്കോവിൽവട്ടം പഞ്ചായത്ത് വൈസ് പ്രസിഡൻറ് നജുമ, ബ്ലോക്ക് പഞ്ചായത്തംഗം എ.എൽ നിസാമുദീൻ, പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷരായ എസ്. ഷീല, എം. ഗംഗാദേവി, എ. അഫ്സീന, പ്രഥമാധ്യാപിക റോസമ്മ യോഹന്നാൻ തുടങ്ങിയവർ പങ്കെടുത്തു.

## ശബരിപാത യാഥാർഥ്യമാകും: കേന്ദ്രമന്ത്രി സുരേഷ് ഗോപി

**ചെങ്ങന്നൂർ:** പരിസ്ഥിതിക്കും ആവാസവ്യവസ്ഥിതിക്കും കോട്ടംതട്ടാത്ത വിധത്തിൽ ശബരിപാത റെയിൽവേ ലൈൻ യാഥാർഥ്യമാക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ശബരിമല തീർഥാടന മുന്നൊരുക്കങ്ങളുടെ ഭാഗമായി റെയിൽവേ മന്ത്രാലയത്തിൻറെ നിർദേശപ്രകാരം ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ വിളിച്ചുചേർത്ത അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ വൻ റെയിൽവേ വികസനമാണ് വരാനിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

കാർഷിക മേഖലയ്ക്കും മലയോര ജനതയ്ക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിലാകും ശബരിപാത രൂപകൽപ്പന ചെയ്യുക. ശബരിമല തീർഥാടന കാലത്തെ നൂറോളം ദിവസങ്ങൾക്കു പുറമേ, വർഷം മുഴുവൻ സാധാരണക്കാരുടെ യാത്രാവശ്യങ്ങൾക്കും ജനജീവിതത്തിനും തടസമില്ലാത്ത രീതിയിൽ ഈ പാത ഉപകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷന്റെ സമഗ്ര നവീകരണത്തിനായുള്ള തുക പുതിയ ഡിപിആറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വികസനപ്രവർത്തനങ്ങൾ ഘട്ടങ്ങളായി പൂർത്തിയാക്കുമെന്നും അദ്ദേഹം അറിയിച്ചു. തിരുവനന്തപുരം ഡിവിഷണൽ മാനേജർ ദിവ്യകാന്ത് ചന്ദ്രകാർ, ബിജെപി സംസ്ഥാന സെക്രട്ടറി എം.വി. ഗോപകുമാർ, ജില്ലാ പ്രസിഡൻറ് സന്ദീപ് വാചസ്പതി എന്നിവർ പങ്കെടുത്തു.

## കേരള വ്യാപാരി വ്യവസായി ഏകോപനസമിതി കൺവെൻഷനും നേതൃസംഗമവും നടത്തി

**ഇരിങ്ങാലക്കുട:** കേരള വ്യാപാരി വ്യവസായി ഏകോപനസമിതി ഇരിങ്ങാലക്കുട നിയോജകമണ്ഡലം കൺവെൻഷനും നേതൃസംഗമവും ഇരിങ്ങാലക്കുട വ്യാപാരഭവനിൽ വച്ചു നടന്നു. ജില്ലാ പ്രസിഡൻറ് കെ.വി. അബ്ദുൾ ഹമീദ് സമ്മേളനം ഉദ്ഘാടനം ചെയ്തു. നിയോജക മണ്ഡലം ചെയർമാൻ കെ.കെ. പോളി അധ്യക്ഷത വഹിച്ചു.

ജില്ലാ ജനറൽ സെകട്ടറി എൻ.ആർ. വിനോദ്കുമാർ, ജില്ലാ ട്രഷറർ ജോയ് മൂത്തേടൻ, ജില്ലാ വൈസ് പ്രസിഡൻറ് പി. പവിത്രൻ, ജില്ലാ സെക്രട്ടറി പി.ജി. രഞ്ജിമോൻ എന്നിവർ വിശിഷ്ടാതിഥികളായി.

നിയോജകമണ്ഡലം വൈസ് ചെയർമാൻ പി.പി. ജോഷി, യൂത്ത്വിംഗ് നിയോജക മണ്ഡലം ചെയർമാൻ ജോമോൻ പേങ്ങിപ്പറമ്പിൽ, വനിതാവിംഗ് ചെയർപേഴ്സൻ സുനിത ഹരിദാസ് എന്നിവർ പ്രസംഗിച്ചു.

നിയോജകമണ്ഡലം ജനറൽകൺവീനർ ഷാജു പാറേക്കാടൻ സ്വാഗതവും ട്രഷറർ ശിവരാമൻ നന്ദിയും പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കല്യാൺ ജൂവലേഴ്സിന്റെ താരനിബിഡമായ നവരാത്രി ആഘോഷം

**കൊച്ചി:** സിനിമയും പാരമ്പര്യവും സംസ്കാരവും സമന്വയിപ്പിച്ചുകൊണ്ട്, കല്യാണരാമൻ കുടുംബം ആതിഥേയത്വം വഹിച്ച കല്യാൺ ജൂവലേഴ്സിന്റെ വാർഷിക നവരാത്രി ആഘോഷത്തിൽ ബോളിവുഡിൽ നിന്നും തെന്നിന്ത്യൻ സിനിമയിൽ നിന്നുമുള്ള പ്രമുഖർ പങ്കുചേർന്നു.

കല്യാണരാമൻ വസതിയിൽ ഈ വർഷം നടന്ന നവരാത്രി ആഘോഷങ്ങൾ മഹാവിഷ്ണുവിന്റെ ദിവ്യയാത്രയെയാണ് പ്രമേയമാക്കിയത്. ശ്രീകൃഷ്ണൻറെ ജനനവും ബാല്യവും മുതൽ ദിവ്യനായ വഴികാട്ടിയും സംരക്ഷകനുമായി അദ്ദേഹം മാറുന്നതു വരെയുള്ള കഥയാണ് ഇവിടെ അനാവരണം ചെയ്യപ്പെട്ടത്. മഹാഭാരതത്തിൽ അദ്ദേഹം വഹിക്കുന്ന വലിയ പങ്കിലേക്ക് കടക്കുന്നതിന് മുമ്പുള്ള കൃഷ്ണന്റെ ബാല്യകാലത്തെ കളിയാട്ടങ്ങളെ ഈ പ്രമേയം ഒപ്പിയെടുത്തു. കുരുക്ഷേത്ര യുദ്ധഭൂമിയിൽ വെച്ച് അർജ്ജുനന് ഭഗവദ്ഗീത ഉപദേശിക്കുകയും, തന്റെ വിശ്വരൂപം വെളിപ്പെടുത്തുകയും ചെയ്യുന്ന ശ്രീകൃഷ്ണന്റെ രംഗത്തോടെയാണ് ഈ ഗംഭീരമായ അവതരണം അവസാനിക്കുന്നത്. മഹാവിഷ്ണുവിൻറെ ദൈവിക ജ്ഞാനവും ധർമ്മ സംരക്ഷണവും തിന്മയ്ക്കുമേൽ നന്മ നേടുന്ന ശാശ്വതമായ വിജയവും എടുത്തുക്കുന്നവയായിരുന്നു ദൃശ്യങ്ങൾ.

ആഘോഷത്തിലെ പ്രധാന ആകർഷണങ്ങളിലൊന്ന് പരമ്പരാഗത ബൊമ്മൈ കൊലു ആയിരുന്നു. ദൈവികവും ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടതുമായ ദൃശ്യങ്ങൾ പ്രതിഫലിപ്പിക്കുന്ന രീതിയിൽ പടിപടിയായി ഒരുക്കിയ പാവകളുടെയും രൂപങ്ങളുടെയും മനോഹരമായ നിരയായിരുന്നു ഇത്.

ദക്ഷിണേന്ത്യയിലെ നിരവധി വീടുകളിൽ ഏറെ പ്രാധാന്യമുള്ള നവരാത്രി പാരമ്പര്യമായ കൊലുവിൽ പുരാണകഥകളും നിത്യജീവിതത്തിലെ രംഗങ്ങളും സരസ്വതി, പാർവതി, ലക്ഷ്മി ദേവിമാരുടെ സാന്നിധ്യവും അവതരിപ്പിച്ചു. അതിഥികളെ സ്നേഹപൂർവം സ്വാഗതം ചെയ്ത് കൊലുവിലൂടെ നയിച്ചു. ഭൗതികതയിൽ നിന്ന് ആത്മീയതയിലേക്കുള്ള യാത്രയെ പ്രതീകവൽക്കരിച്ച ഈ നിരയിലെ ഓരോ പടിയിലും ഉൾക്കൊണ്ടിരുന്ന സാംസ്കാരികവും ഭക്തിപരവുമായ പ്രാധാന്യം അതിഥികൾക്ക് പരിചയപ്പെടുത്തി.

സെയ്ഫ് അലി ഖാൻ, പ്രഭു ഗണേശൻ, മലൈക അറോറ, ബോബി ഡിയോൾ, കരിഷ്മ കപൂർ, ശ്രീലീല, സാറ അലി ഖാൻ, മാളവിക, നാഗാർജുന, സുഹാസിനി മണിരത്നം, പ്രീതി മുകുന്ദൻ, നിവിൻ പോളി, ജയറാമും പാർവതി ജയറാമും, കാളിദാസ് ജയറാം, പ്രിയദർശനും ലിസി പ്രിയദർശനും, ഋതു വർമ്മ, ശിവകാർത്തികേയൻ തുടങ്ങി സിനിമാരംഗത്തെ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

സിനിമയും സംസ്കാരവും ആത്മീയതയും ഒരുമിച്ച് ചേർന്ന ഈ സ്വകാര്യ ആഘോഷത്തിലൂടെ, അടുത്തിടപഴകാവുന്നതും അതേസമയം പ്രൗഢവുമായ ഒരു വേദി ഒരുക്കുന്ന പാരമ്പര്യം കല്യാണരാമൻ കുടുംബം തുടർന്നു.



# ഔഡി ക്യു3യുടെ പുത്തൻ പതിപ്പ് ഇന്ത്യയിൽ അവതരിപ്പിച്ചു

**മുംബൈ:** ജർമൻ ആഡംബര വാഹന നിർമാതാക്കളായ ഔഡി പുതിയ ക്യു3 ഇന്ത്യയിൽ അവതരിപ്പിച്ചു. 51.99 ലക്ഷം രൂപയാണ് പ്രാരംഭ എക്സ്ഷോറൂം വില. ഛത്രപതി സംഭാജിനഗറിലെ നിർമാണശാലയിലാണ് വാഹനം അസംബിൾ ചെയ്യുന്നത്. 150 kW കരുത്തും 320 Nm ടോർക്കും നൽകുന്ന 2.0 ലിറ്റർ TFSI പെട്രോൾ എൻജിനും ക്വാട്രോ ഓൾ വീൽ ഡ്രൈവും ഉൾപ്പെടുന്ന പുതിയ ക്യു3യ്ക്ക് 7.1 സെക്കൻഡിൽ മണിക്കൂറിൽ 100 കിലോമീറ്റർ വേഗം കൈവരിക്കാനാകും. ഡിജിറ്റൽ മാട്രിക്സ് എൽഇഡി ഹെഡ്ലൈറ്റുകൾ, പിൻഭാഗത്തെ പ്രകാശിക്കുന്ന ഔഡി റിങ്സ്, 30.22 സെ.മീ. വെർച്വൽ കോക്പിറ്റ്, 32.51 സെ.മീ. എംഎംഐ ടച്ച് ഡിസ്പ്ലേ, ഹെഡ്അപ്പ് ഡിസ്പ്ലേ എന്നിവയാണ് പ്രധാന സവിശേഷതകൾ. 12 സ്പീക്കറുകളും 420 വാട്ട് ഔട്ട്പുട്ടുമുള്ള സോണോസ് പ്രീമിയം സൗണ്ട് സിസ്റ്റവും ഒൻപത് എയർബാഗുകളും വാഹനത്തിലുണ്ട്. സേജ് ഗ്രീൻ, മൈതോസ് ബ്ലാക്ക്, ഗ്ലേസിയർ വൈറ്റ്, നവാര ബ്ലൂ, തംബോറ ഗ്രേ എന്നീ അഞ്ച് പുറംനിറങ്ങളിലും ടാമറിൻഡ് ബ്രൗൺ, പെർഗമെന്റ് ബീജ് എന്നീ രണ്ട് ഇന്റീരിയർ നിറങ്ങളിലും പുതിയ ക്യു3 ലഭ്യമാകും.

# കാനറ ബാങ്കിന്റെ രണ്ടാംപാദ അറ്റാദായം 5,175 കോടി രൂപ

**കൊച്ചി:** സെപ്റ്റംബറിൽ അവസാനിച്ച രണ്ടാംപാദത്തിൽ കാനറ ബാങ്കിന്റെ അറ്റാദായം മുൻവർഷത്തെ അപേക്ഷിച്ച് എട്ടു ശതമാനത്തിന്റെ വർധന രേഖപ്പെടുത്തി 5,175 കോടി രൂപയായി. മുൻവർഷം ഇതേ കാലയളവിൽ 4,774 കോടിയായിരുന്നു അറ്റാദായം. ആകെ വരുമാനം 38,598 കോടി രൂപയിൽനിന്ന് 40,931 കോടി രൂപയായി ഉയർന്നു. പലിശ വരുമാനം 35,159 കോടി രൂപയായി ഉയർന്നപ്പോൾ അറ്റ പലിശ വരുമാനം 20 ശതമാനം വർധിച്ച് 11,005 കോടി രൂപയിലെത്തി.

ബാങ്കിന്റെ പ്രവർത്തനലാഭം 8,588 കോടി രൂപയിൽനിന്ന് 8,758 കോടി രൂപയായി ഉയർന്നു. മൊത്തം നിഷ്ക്രിയ ആസ്തി 1.33 ശതമാനമായും അറ്റ നിഷ്ക്രിയ ആസ്തി 0.3 ശതമാനമായും കുറഞ്ഞു. വായ്പാവളർച്ച 19 ശതമാനവും നിക്ഷേപവളർച്ച 13 ശതമാനവുമായിരുന്നു. അറ്റ പലിശ മാർജിൻ കഴിഞ്ഞ വർഷത്തെ 2.52 ശതമാനത്തിൽനിന്ന് 2.53 ശതമാനമായി ഉയർന്നു.

അതേസമയം, മാർക്ക് ടു മാർക്കറ്റ് നഷ്ടത്തെത്തുടർന്ന് ട്രഷറി വരുമാനം കഴിഞ്ഞ വർഷത്തെ 1,583 കോടി രൂപയിൽനിന്ന് 499 കോടി രൂപയായി കുറഞ്ഞതായി ബാങ്കിന്റെ എംഡിയും സിഇഒയുമായ ബ്രജേഷ്കുമാർ സിംഗ് പറഞ്ഞു. നടപ്പു സാമ്പത്തിക വർഷത്തിൽ അറ്റ പലിശ മാർജിൻ 2.5 മുതൽ 2.6 ശതമാനം വരെയായിരിക്കുമെന്നാണ് പ്രതീക്ഷ.

# കൊട്ടക് നിയോ റീബ്രാൻഡ് ചെയ്ത് കൊട്ടക് സെക്യൂരിറ്റീസ്

**തിരുവനന്തപുരം:** ഉപയോക്താക്കളുമായി ബന്ധപ്പെടുന്ന റീടെയിൽ ബിസനസിനെ കൊട്ടക് നിയോ എന്ന് റീബ്രാൻഡ് ചെയ്ത് കൊട്ടക് സെക്യൂരിറ്റീസ്.

പുതുതലമുറ നിക്ഷേപകരുടെ വർധിച്ചുവരുന്ന വ്യത്യസ്ത ആവശ്യങ്ങൾ കണക്കിലെടുത്തു സാങ്കേതികവിദ്യ, ഉത്പന്നനിര, ഉപഭോക്തൃ അനുഭവം, ഗവേഷണം എന്നീ തലങ്ങളിൽ നൂതനത്വം പ്രതിഫലിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പുതിയ മാറ്റമെന്ന് കൊട്ടക് നിയോ എംഡിയും സിഇഒയുമായ ശ്രീപാൽ ഷാ പറഞ്ഞു.

നിക്ഷേപം, ട്രേഡിംഗ്, വെൽത്ത് സൊലൂഷൻ ബിസിനസുകളെ ഏകജാലകമാക്കുന്നതും ഡിജിറ്റൽ മികവുകളും ഗവേഷണ വൈദഗ്ധ്യവും ഒരുമിപ്പിക്കുന്നതും ബന്ധാധിഷ്ഠിത സേവനങ്ങൾ ഉറപ്പുവരുത്തുന്നതുമാകും റീബ്രാൻഡിംഗെന്നും അദ്ദേഹം പറഞ്ഞു.

കൊട്ടക് ഗ്രൂപ്പിന്റെ ബാങ്കിംഗ്, നിക്ഷേപ, സമ്പത്ത് മാനേജ്മെൻറ് സേവനങ്ങളും സംയോജിത സംവിധാനത്തിലൂടെ ലഭ്യമാക്കും.

# യൂക്കോ ബാങ്കിന് 786 കോടി രൂപ അറ്റാദായം

**കൊച്ചി:** യൂക്കോ ബാങ്കിന്റെ അറ്റാദായം നടപ്പ് സാമ്പത്തികവർഷം രണ്ടാംപാദത്തിൽ 26.77 ശതമാനം വർധിച്ച് 786 കോടി രൂപയായി. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേപാദത്തിൽ അറ്റാദായം 620 കോടിയായിരുന്നു. പ്രവർത്തനലാഭം 16.04 ശതമാനം ഉയർന്ന് 1,872 കോടിയിലെത്തി.

ബാങ്കിന്റെ മൊത്തം ബിസിനസ് 18.81 ശതമാനം വർധിച്ച് 6.37 ലക്ഷം കോടിയായി. വായ്പകൾ 24.70 ശതമാനം ഉയർന്ന് 2.87 ലക്ഷം കോടിയിലെത്തിയപ്പോൾ നിക്ഷേപം 14.36 ശതമാനം വർധിച്ച് 3.49 ലക്ഷം കോടിയായി. അറ്റപലിശ വരുമാനം 13.96 ശതമാനം വർധിച്ച് 2,886 കോടി രൂപയായി. ആഗോള അറ്റപലിശ മാർജിൻ മൂന്നു ശതമാനവും ആഭ്യന്തര അറ്റപലിശ മാർജിൻ 3.19 ശതമാനവുമാണ്.

റീട്ടെയിൽ, കാർഷിക, ചെറുകിട വ്യവസായ മേഖലകളിലെ വായ്പകൾ 26.92 ശതമാനം വർധിച്ച് 1.68 ലക്ഷം കോടിയായി. റീട്ടെയിൽ വായ്പകൾ 30.23 ശതമാനവും കാർഷിക വായ്പകൾ 29.59 ശതമാനവും ചെറുകിട വ്യവസായ മേഖലയിലെ വായ്പകൾ 20.32 ശതമാനവും വർധിച്ചു.മൊത്തം കിട്ടാക്കടം 1.96 ശതമാനമായും അറ്റ കിട്ടാക്കടം 0.18 ശതമാനമായും കുറഞ്ഞു.

കിട്ടാക്കടം നേരിടാൻ നീക്കിവച്ച തുകയും കിട്ടാക്കടവും തമ്മിലുള്ള അനുപാതം 98.36 ശതമാനമാണ്. ബാങ്കിന്റെ മൂലധന പര്യാപ്തതാ അനുപാതം 18.85 ശതമാനമാണ്. നിക്ഷേപവും വായ്പയും തമ്മിലുള്ള അനുപാതം 82.29 ശതമാനമായി ഉയർന്നു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com